GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/06/2026

1. പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിൽ കാർഷിക മേഖലയ്ക്ക് ഉണർവേകി പുതിയ കൂട്ടുകൃഷി പദ്ധതിക്ക് തുടക്കമാകുന്നു. ഏനാദിമംഗലം പഞ്ചായത്തിലെ തിരുമങ്ങാട് തരിശായിക്കിടന്ന ഭൂമിയിൽ കൂട്ടുകൃഷി ആരംഭിക്കുന്നതിന്റെ ഉദ്ഘാടനം ജൂൺ 23-ന് രാവിലെ 11 മണിക്ക് വിത്തുനടീൽ ഉത്സവത്തോടെ നടക്കുന്നു. തരിശുരഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തോടെ കൃഷിയിടത്തിൽ വന്യമൃഗങ്ങളുടെ ശല്യം തടയുന്നതിനായി സി.എച്ച്.എം (CHM) പദ്ധതിയിൽ സോളാർ ഫെൻസിങ് , പഞ്ചായത്തിന്റെ സമഗ്ര തരിശുനില കൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 37,000 രൂപ വീതം ധനസഹായം, വി.ഡി.പി (VDP) പദ്ധതി വഴി എല്ലാത്തരം പച്ചക്കറി

തൈകളും ഉയർന്ന ഗുണമേന്മയുള്ള വിത്തുകളും ലഭ്യമാക്കിയാണ് ഈ കാർഷിക മുന്നേറ്റം.

2. ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം" പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിന് കീഴിലുള്ള കുളക്കട, മേലില, ഉമ്മന്നൂർ, മൈലം, പവിത്രേശ്വരം, വെട്ടിക്കവല എന്നീ കൃഷിഭവനുകളിൽ 6 ഇനം വിത്തുകൾ ഉള്ള പച്ചക്കറി വിത്ത് പാക്കറ്റുകൾ 10 രൂപ നിരക്കിൽ ലഭ്യമാണ്. കർഷകർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടണമെന്ന് വെട്ടിക്കവല ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 9447248729 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. ഓണക്കാല ചെണ്ടുമല്ലി കൃഷിയ്ക്കായി അമ്പലവയൽ സെന്റർ ഓഫ് എക്സലൻസിൽ ഹൈബ്രിഡ് തൈകൾ (മഞ്ഞ, ഓറഞ്ച്) തയ്യാറായിട്ടുണ്ട്. 100 എണ്ണത്തിന് മുകളിൽ ഹൈബ്രിഡ് തൈകൾ വാങ്ങുന്നവർക്ക് വില 4.5 രൂപയും, 100 ൽ താഴെ തൈകൾക്ക് 5 രൂപയുമാണ് വില. തൈകൾ അമ്പലവയൽ ഫാമിലെ RARS സെയിൽസ് കൗണ്ടറിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9447698643 എന്ന നമ്പറിൽ ബന്ധപ്പെടുക.

4. കോഴിക്കോട് ജില്ലയിൽ നിപ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ മൃഗങ്ങളിൽ നിന്നുള്ള രോഗപ്പകർച്ച തടയുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാതല കൺട്രോൾറൂം പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ബാങ്ക് റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിന് കീഴിലെ അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് ഓഫീസിലാണ് കൺട്രോൾറൂം. മൃഗങ്ങളിലെ രോഗലക്ഷണങ്ങൾ, വവ്വാലുകളുടെ സാന്നിധ്യം തുടങ്ങിയ വിവരങ്ങൾ 0495-2762050 എന്ന കൺട്രോൾ റൂം നമ്പറിൽ അറിയിക്കാം.

5. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ തിരുവനന്തപുരം നോഡൽ ഓഫീസിലേയ്ക്ക് **ക്ഷീര ജാലകം** സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട് ജില്ലയിൽ ഫീൽഡ് തലത്തിൽ ക്ഷീര കർഷകരെയും ക്ഷീര സംഘങ്ങളെയും സഹായിക്കുന്നതിനും ഓൺലൈൻ ജോലികൾ നിർവഹിക്കുന്നതിനും ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് ദിവസ വേതന അടിസ്ഥാനത്തിൽ ഒരു ഒഴിവിലേയ്ക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത - ഹയർ സെക്കൻഡറി/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം. പ്രായം 01-06-2026 ന് 18നും -40നും ഇടയിൽ. യോഗ്യത സർട്ടിഫിക്കറ്റ്,

തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2026 ജൂൺ 20 വൈകിട്ട് 5 മണിക്ക് മുമ്പായി നേരിട്ടോ, തപാൽ മുഖേനയോ ക്വാളിറ്റി കൺട്രോൾ ഓഫീസർ, ക്വാളിറ്റി കൺട്രോൾ ഓഫീസ്, ക്ഷീരവികസന വകുപ്പ്, പട്ടം, തിരുവനന്തപുരം –695004 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കൂടിക്കാഴ്ച്ചയ്ക്ക് അർഹരായവരുടെ പട്ടിക ജൂൺ 23 ന് രാവിലെ 11 മണിക്ക് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടിക്കാഴ്ച്ച ജൂൺ 26 വെള്ളിയാഴ്ച്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കാര്യാലയത്തിൽ വെച്ച് നടത്തുന്നതാണ്. ഫോൺ–9446453247, ഇമെയിൽ – qcotvm.dairy@kerala.gov.in, qcotvm@gmail.com